## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 485** **01.12.2015-ൽ മറുപടിയ്ക്ക്**

# തിരുനെൽവേലി - കൊച്ചി 400 കെ. വി. ലൈൻ.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ :<br>ശ്രീ. കെ. സുരേഷ് കുറുപ്പ് :<br>ശ്രീമതി. പി. അയിഷാ പോറ്റി :<br>ശ്രീ. കെ. കെ. ജയചന്ദ്രൻ : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | കൂടംകുളം ആണവനിലയത്തിൽ നിന്നും കേരളത്തിലേക്ക് വൈദ്യുതി എത്തിക്കുന്നതിനുള്ള തിരുനെൽവേലി മുതൽ കൊച്ചി വരെയുള്ള 400 കെ. വി. ലൈൻ നിർമ്മാണത്തിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണ് ; | (എ) & (ബി) | തിരുനെൽവേലി മുതൽ ഇടമൺ വരെയുള്ള 400 കെ.വി.ലൈൻ പൂർത്തീകരിച്ചിട്ടുണ്ട്. റൈറ്റ് ഓഫ് വേ (Right of way) പ്രശ്നങ്ങളും കർഷകരുടെ എതിർപ്പും മൂലം ലൈൻ നിർമ്മാണം തടസ്സപ്പെട്ടിരുന്ന ഇടമൺ-കൊച്ചി സെക്ടറിൽ ഭൂവുടമകൾക്ക് നഷ്ടപരിഹാരം നല്കുന്നതിനായി പുതുക്കിയ പ്രത്യേക നഷ്ടപരിഹാര പാക്കേജ് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ആയതു പ്രകാരമുള്ള പ്രാരംഭ നടപടികൾ എറണാകുളം, പത്തനംതിട്ട, ജില്ലകളിൽ ആരംഭിക്കുകയും, കോട്ടയം ജില്ലയിൽ സർവ്വേ പൂർത്തീകരിക്കുവാൻ ഉണ്ടായിരുന്ന 18 കി.മീ. -ൽ 9 കി.മീ. ലൈനിന്റെ പ്രാരംഭ സർവ്വേ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഈ ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ; | | |
| (സി) | ഇതുമായി ബന്ധപ്പെട്ട് കർഷകർക്ക് എത്ര തുക നഷ്ടപരിഹാരം നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്; ഇതു സംസ്ഥാന സർക്കാർ വഹിക്കാനാണോ തീരുമാനിച്ചിട്ടുള്ളത് ; | (സി) | മേൽപ്പറഞ്ഞ പ്രത്യേക നഷ്ട പരിഹാര പാക്കേജിലെ വ്യവസ്ഥകൾ പ്രകാരം ഭൂവുടമകൾക്കു ലഭിക്കുന്ന നഷ്ട പരിഹാര തുക നിർണ്ണയിക്കുന്നതിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. ആകെ വരുന്ന നഷ്ടപരിഹാര തുക പവർഗ്രിഡ് കോർപ്പറേഷനും കെ.എസ്.ഇ.ബി.ലിമിറ്റഡും, ഗവൺമെന്റും ചേർന്ന് നിശ്ചിത അനുപാതത്തിൽ പങ്കിട്ടുവഹിക്കുന്നതാണ്.<br><br>പ്രത്യേക നഷ്ടപരിഹാര പാക്കേജ് പ്രകാരം സർക്കാരും വൈദ്യുതി ബോർഡും ചേർന്ന് വഹിക്കേണ്ടതായ അധിക സാമ്പത്തിക |

| | | | |
|---|---|---|---|
| (ഡി) | ഇന്നത്തെ സാഹചര്യത്തിൽ ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിലെ തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ഡി) | റെയിൽവേ നിഷ്കർഷിച്ചത് പ്രകാരം പ്രൊജക്ട് കോസ്റ്റിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ച് റെയിൽവേയെ അറിയിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിലെ റെയിൽവേ ലൈനിന്റെ അലൈൻമെന്റ് നിശ്ചയിച്ച് റെയിൽവേയുടെ അംഗീകാരത്തിനായി നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഈ പദ്ധതി നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് തടസ്സങ്ങൾ ഒന്നും തന്നെ ഇല്ല. |

സെക്ഷൻ ഓഫീസർ